(സി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും പ്രകാരവും 1957-ലെ കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടവും പ്രകാരം ഇതു തടയുന്നതിന് കർശനമായ നടപടി കൈക്കൊണ്ടുവരുന്നു.

സമഗ്ര പരിസ്ഥിതി നയം

20 (*543) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ഉതകുന്ന ഒരു പരിസ്ഥിതി നയം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്ന നയം കേരളത്തിന്റെ പരിസ്ഥിതിയേയും പ്രകൃതി വിഭവങ്ങളേയും തൊഴിലാളികളുടെ താൽപ്പര്യങ്ങളേയും തകർക്കാനിടയാക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രകൃതി വിഭവങ്ങൾ അനധികൃതമായി ചൂഷണം ചെയ്യപ്പെടുന്നതിന് എതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ സ്വീകരിച്ചു വരുന്ന നയം തിരുത്തിക്കൊണ്ട് സമഗ്രമായൊരു പരിസ്ഥിതി നയം രൂപീകരിക്കാൻ തയ്യാറാകുമോ ; വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാന സർക്കാരിന്റെ സമഗ്ര പരിസ്ഥിതി നയത്തിന്റെ കരടു രൂപം മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങൾക്കായി അയച്ചിട്ടുണ്ട്. ഇത് മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നുണ്ട്. പ്രസ്തുത നയത്തിൽ പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം തടയാനും പ്രകൃതിയുടെ വിവിധ വശങ്ങളെ കോർത്തിണക്കുന്ന മേഖലകളിൽ എല്ലാംതന്നെ ഭാവി തലമുറയെ കൂടി കണക്കിലെടുത്തുകൊണ്ടുള്ള സുസ്ഥിര വികസനം (Sustainable Development) നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത നയം വേണ്ട രീതിയിൽ നടപ്പിലാക്കുന്നു എന്നു ഉറപ്പുവരുത്താനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും പ്രത്യേകമായി തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പാരിസ്ഥിതിക അനുമതി നൽകാൻ കഴിയുന്ന അധികാര പരിധി നിർണ്ണയിക്കാനുള്ള നിർദ്ദേശങ്ങളും പ്രസ്തുത കരടു രേഖയിൽ ഉണ്ട്. മലിനീകരണ നിയന്ത്രണം കൂടുതൽ ഫലവത്താക്കാനുള്ള മുന്നോടിയായി ആയതിന് പ്രത്യേക പരിഗണന നൽകുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly